പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നമ്പർ. T 421

21-07-2015 ൽ മറുപടിക്ക്

## കാർഷിക വായ്പയ്ക്കുള്ള പലിശയിളവ്

ചോദ്യം

ശ്രീ.സി. മോയിൻ കുട്ടി
ശ്രീ.സി. മമ്മൂട്ടി
ശ്രീ.എൻ.എ. നെല്ലിക്കുന്ന്
ശ്രീ. റ്റി.എ. അഹമ്മദ് കബീർ

ഉത്തരം

ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) കാർഷികാവശ്യത്തിനുള്ള വായ്പയ്ക്ക് കേന്ദ്ര സർക്കാർ അനുവദിച്ചു വന്നിരുന്ന പലിശയിളവ് 2015 ജൂൺ മുതൽ അവസാനിപ്പിക്കാൻ പോകുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) പ്രസ്തുത തീരുമാനം സംസ്ഥാനത്തെ കാർഷിക മേഖലയിൽ ഉണ്ടാക്കിയേക്കാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;വിശദമാക്കുമോ;<br><br>(സി) സംസ്ഥാനത്തിന്റെ പലിശരഹിത വായ്പാപദ്ധതികളുൾപ്പെടെയുള്ള കാർഷിക വായ്പാ പദ്ധതികളെ പ്രസ്തുത തീരുമാനം ഹാനികരമായി ബാധിക്കുമെന്നത് പരിഗണിച്ച് കേന്ദ്ര സർക്കാർ അനുവദിച്ചു വന്നിരുന്ന പലിശയിളവ് തുടരാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ? | (എ) യും<br>(ബി)യും<br>(സി)യും | ഹ്രസ്വകാല കാർഷിക വായ്പയ്ക്കുള്ള പലിശ സബ് വെൻഷൻ ഇപ്പോൾ നിലവിലുള്ള നടപടിക്രമങ്ങളിൽ മാറ്റമില്ലാതെ തന്നെ ജൂലൈ 31, 2015 വരെ നൽകുന്നതിന് കേന്ദ്ര സർക്കാർ ഉത്തരവായിട്ടുണ്ട്. അതിനുശേഷമുള്ള ഈ പദ്ധതിയുടെ നടത്തിപ്പിന്റെ നടപടിക്രമങ്ങളെ കുറിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് നിർദ്ദേശങ്ങൾ ഇതുവരെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ